**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 351** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (എ) | സ്വീകരിച്ചിട്ടുണ്ട്. ഗോത്രവിഭാഗങ്ങളിലുള്ള 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി ആവിഷ്കരിച്ച ഗോത്രബന്ധു പദ്ധതി 2018-19 വർഷം മുതൽ അട്ടപ്പാടിയിലും നടപ്പിലാക്കി വരുന്നു. സ്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞു പോക്കിന് പ്രധാന കാരണങ്ങളായ രക്ഷിതാക്കളുടെ താല്പര്യക്കുറവ്, വിദ്യാലയങ്ങളിൽ വേണ്ടത്ര പരിഗണന ലഭ്യമാകാത്ത അവസ്ഥ, ഭാഷാപരമായ പ്രശ്നങ്ങൾ , മറ്റ് സാംസ്കാരിക പ്രശ്നങ്ങൾ ഇവ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി/ബി.എഡ്/ ഡി.എഡ് പാസായവരെ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ പഠിക്കുന്ന 21 സ്കൂളുകളിൽ 26 മെന്റർടീച്ചർമാരെ നിയമിച്ചത് വഴി കൊഴിഞ്ഞുപോക്ക് പൂർണ്ണമായും തടയാൻ സാധിച്ചിട്ടുണ്ട്. വിദൂര സ്ഥലങ്ങളിൽ നിന്നും കുട്ടികൾക്ക് സ്കൂളുകളിൽ എത്തുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന 75% ഹാജരുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം അനുവദിച്ച് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 40 സാമൂഹ്യ പഠനമുറികൾ അട്ടപ്പാടിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ